ഇതിനകം ശേഖരിച്ച് പ്രോസ്സസ് ചെയ്യുവാനും, 149 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പ്രോസ്സസ് ചെയ്യുവാനും കമ്പനി മുഖേന സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണം, അനധികൃത പരസ്യങ്ങൾ ഒഴിവാക്കൽ, റോഡ് സൈഡുകൾ മനോഹരമാക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങൾ സ്ഥാപിക്കൽ, ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ദിവസേനയുള്ള നടത്തിപ്പ് എന്നിവ ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും, ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പ്രോസസ്സിംഗിനും പുറമേ ഇത്തരം മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടാതെ കൈകാര്യം ചെയ്യുന്നതിന് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും ക്ലീൻ കേരള കമ്പനി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്. വാളണ്ടിയർമാർ എന്നിവർ മുഖേന വിപുലമായ പ്രചാരണ പരിപാടികളും ഇ-മാലിന്യ ശേഖരണ പദ്ധതികളും ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 5 മുനിസിപ്പൽ കോർപ്പറേഷനുകൾ ഉൾപ്പെടെ ആകെ 38 നഗരസഭകൾ ക്ലീൻ കേരള കമ്പനിയുടെ ഷെയറുകൾ എടുത്ത് പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രവാസി പുനരധിവാസം

25 (*295) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി പുനരധിവാസത്തിനായി സ്വീകരിച്ച നടപടികളിലൂടെ എത്രത്തോളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) തിരികെ എത്തുന്ന പ്രവാസി മലയാളികളുടെ സമഗ്ര പുനരധിവാസം മുൻനിർത്തി വിവിധ വശങ്ങൾ പരിശോധിച്ച് നിലവിലുള്ള സാഹചര്യങ്ങൾ പഠിച്ച് ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് നോർക്ക സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിക്കുകയും 5 പ്രധാന ഘടകങ്ങൾ അടങ്ങുന്ന ഒരു സമഗ്ര പദ്ധതി ജി. ഒ. (എംഎസ്.) നം. 6/2013/നോർക്ക, തീയതി, 7-11-2013 പ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാല് വർഷം ബാങ്ക് വായ്പയിൽ 3 ശതമാനം പലിശ ഇളവും അനുവദിച്ചിട്ടുണ്ട്. ഇവർക്ക് മൂലധന സബ്സിഡി നൽകുന്ന ഇനത്തിൽ 6.68 കോടി രൂപ നാളിതുവരെ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കുകളുമായുള്ള ധാരണാപത്ര കാലാവധി തീർന്നുപോയതിനാൽ ഒരു ചെറിയ ഇടക്കാലത്ത് പദ്ധതി പ്രവർത്തനം തടസ്സംനേരിട്ടു. എന്നാൽ MoU പുതുക്കി ഒപ്പുവച്ച് 2016 ഫെബ്രുവരി 1 മുതൽ മൈക്രോ പലിശ കണക്കാക്കി പലിശ സബ്സിഡി റീഇംബേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ പുതിയ അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രെന്റ്സ് എന്ന പദ്ധതി പ്രകാരം നോർക്കയും കാനറ ബാങ്കും സൗത്ത് ഇൻഡ്യൻ ബാങ്കും യൂണിയൻ ബാങ്കുമായി കരാർ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയാണ് ലോൺ തുക ബാങ്ക് അനുവദിക്കുന്നത്. ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (ബാക് എൻഡ്), ആദ്യത്തെ നാല്വർഷം 3 ശതമാനം പലിശ സബ്സിഡിയും സർക്കാർ നൽകുന്നുണ്ട്. 2015 മാർച്ച് 31-ന് ബാങ്കുകളുമായിട്ടുള്ള ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചു. 2015 നവംബർ മാസം ബാങ്കുമായിട്ടുള്ള ധാരണാപത്രം പുതുക്കിയതിനെ തുടർന്ന് തീർപ്പാക്കാത്ത അപേക്ഷകൾ ബാങ്കിലേയ്ക്ക് വീണ്ടും അയച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്. എസ്.ബി.ഐ., എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളുമായി പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നു. അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ ലക്ഷ്യം മുൻനിർത്തിയുള്ള വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly